**OFFICE OF THE COCHIN DEVASWOM BOARD,**
**Round North, Thrissur - 680 001**
PH: 2331124, 2327028, FAX:2335874, 2327029
E-mail. admin@cochindevaswomboard.org

# കൊച്ചിൻ ദേവസ്വം ബോർഡിന്റെ തൃപ്പൂണ്ണിത്തുറ ദേവസ്വം 20.4174 ഹെക്ടർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ തുടങ്ങി

വർഷങ്ങളായി അനധികൃതമായി ചെമ്മീൻകെട്ട് നടത്തിവരുന്ന 20.4174 ഹെക്ടർ ഭൂമി (50.45 ഏക്കർ) തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തൃപ്പൂണ്ണിത്തുറ ഉദയംപേരൂർ റൂട്ടിൽ കണ്ണംകുളങ്ങര തെക്കുംഭാഗം വില്ലേജിൽ മോനിപ്പിള്ളി ക്കടവിൽ സർവ്വെ നമ്പർ 382/1,2,3 പ്രകാരമുള്ള ഭൂമിയാണ് കൊച്ചിൻ ദേവസ്വം ബോർഡ് തിരിച്ചുപിടിക്കുവാൻ നടപടിയായത്. തൃപ്പൂണ്ണിത്തുറ ദേവസ്വത്തിനു കീഴിലുള്ള ദേവസ്വം ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുന്ന നടപടിക്രമത്തിലാണ് ഈ ഭൂമിയെ കുറിച്ച് വിവരം ലഭിച്ചത്. പ്രശ്നഭൂമി പഴയ സർവ്വെ റിക്കാർഡുകൾ പ്രകാരവും റീസർവ്വെ റിക്കാർഡുകൾ പ്രകാരവും തൃപ്പൂണ്ണിത്തുറ ദേവസ്വം പേരിൽ തന്നെയാണ്. ആയതിനെ അടിസ്ഥാനപ്പെടുത്തിയാണ് നടപടികൾ ത്വരിതപ്പെടുത്തിയത്. ദേവസ്വം ബോർഡിനുകീഴിലുള്ള സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും തിരിച്ചുപിടിക്കുന്നതിനായുള്ള “ബി” ഫോം നോട്ടീസ് നൽകുകയും ചെയ്തു. തുടർന്നുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്.

അന്യാധീനപ്പെട്ടുപോയ ക്ഷേത്രഭൂമികൾ തിരിച്ചുപിടിക്കുന്നതിനായി അതികർശനമായ നടപടികളാണ് കൊച്ചിൻ ദേവസ്വം ബോർഡ് ആവിഷ്ക്കരിച്ചിരിക്കുന്നത്. അതിനായി ബോർഡിന്റെ കീഴിലുള്ള സ്പെഷ്യൽ തഹസിൽദാർ വിഭാഗം തീവ്ര പരിശ്രമത്തിലാണ്. അതനുസരിച്ചുള്ള സർവ്വെ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള നിരവധി ഭൂമികളിലെ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കഴിഞ്ഞിട്ടുണ്ട്. തുടർദിവസങ്ങളിൽ കൂടുതൽ അന്യാധീനപ്പെട്ടുപോയ ഭൂമികൾ തിരിച്ചുപിടിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ.എം.കെ.സുദർശൻ, മെമ്പർമാരായ കെ.എൻ.ഉണ്ണികൃഷ്ണൻ, അഡ്വ.ടി.എൻ. അരുൺകുമാർ എന്നിവർ അറിയിച്ചു.

(ഒപ്പ്)
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്

തൃശ്ശൂർ
12/07/2018